ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു വരുന്നു.

30 (1623) സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പെൻഷൻ

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പുതുതായി എത്രപേർക്ക് സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ എത്രപേർക്ക് അനുവദിച്ചു അവർ ആരൊക്കെയാണ്;

(സി) സ്വാതന്ത്ര്യസമര സേനാനി പെൻഷൻ കിട്ടുന്നതിന് തിരുവനന്തപുരം, പൗഡിക്കോണം മേപ്രക്കോണത്തു വീട്ടിൽ ശ്രീ. ആർ. കുട്ടപ്പൻ നായർ നൽകിയ അപേക്ഷയിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇതു സംബന്ധിച്ച് സത്വര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) തൃശ്ശൂർ, എറണാകുളം ജില്ലകൾ ഒഴികെയുള്ള മറ്റ് ജില്ലകളിൽ പുതുതായി 254 പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. തൃശ്ശൂർ എറണാകുളം ജില്ലകളിലെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) 20 പേർക്ക് പെൻഷൻ അനുവദിച്ചു; അവരുടെ പേരു വിവരം താഴെ ചേർക്കുന്നു.

1. ശ്രീ. എൻ. അച്ചുതൻ നായർ, നാരായണ വിലാസം, തിരുവല്ലം.
2. ശ്രീ. പള്ളിച്ചൽ ഭാസ്കരൻ, നെടിയാവിളവീട്, പ്രാവച്ചമ്പലം, നേമം.
3. ശ്രീ. എൻ.എസ്.പോറ്റി, പാറയിൽ വീട്, തിരുമല.
4. ശ്രീ. എം. കൃഷ്ണൻ, മുരുകവിലാസം, പാറശ്ശാല.
5. ശ്രീ. ജി. ഭാസ്ക്കരൻ, കുന്നുവിള വീട്, കാട്ടായിക്കോണം.
6. ശ്രീ. ടി.കെ. അയ്യപ്പൻ പിള്ള, മൈവള്ളി വീട്, കണിയാപുരം.
7. ശ്രീ. പി. സുകുമാരൻ, പുലയിൻകുഴിവീട്, മാറനല്ലൂർ, നെയ്യാറ്റിൻകര.
8. ശ്രീ. ജി. ദാമോദരൻ, ജയവിലാസം, കള്ളിക്കാട്.
9. ശ്രീ. ആർ. പരമേശ്വരൻ നായർ, അയിത്തമഠത്തിൽ വീട്, തിരുവല്ലം.
10. ശ്രീ. ജി. ഡി.പിള്ള, നമനികേതനം. പാപ്പനംകോട്.
11. ശ്രീ. ജി. ഭാസ്കരൻ, രാധികാസദനം, കാരാളി, വള്ളക്കടവ്.
12. ശ്രീ. വി. ഗോപാലകൃഷ്ണൻ നായർ, ഫ്ളാറ്റ് നം. 316, വൃന്ദാവൻ ഗാർഡൻ, പട്ടം.
13. ശ്രീ. വി. മാധവൻ നായർ, സരസമന്ദിരം, പാപ്പനംകോട്.
14. ശ്രീ. ആർ. കൃഷ്ണപിള്ള, രാധാസദനം, മുട്ടക്കാട്.

LIBRARY ARCHIVES Kerala Legislative Assembly

15. ശ്രീ. എം. കൃഷ്ണൻ നായർ, കിഴക്കേവീട്, ബാലരാമപുരം.

16. ശ്രീ. എം. വേലായുധൻ, വാറുവിളാകത്തുവീട്, കോട്ടുകാൽ, നെയ്യാറ്റിൻകര.

17. ശ്രീ. എൻ. സുകുമാരൻ നായർ, കുഞ്ചുവീട്, അരശുമൂട്, ആറ്റിപ്ര.

18. ശ്രീ. മാധവപ്പണിക്കർ, പണവിളാകത്തു ചിറയിൽ വീട്, കല്ലയം.

19. ശ്രീ. ഒ. തങ്കപ്പൻ, ജീവോദയം, സി.എസ്.ഐ. പള്ളിമുക്ക്, കല്ലയം.

20. ശ്രീ. എസ്.ജി. ഗോമസ്, ഫാസിക്കാ മന്ദിരം, ചിറയിൻകീഴ്.

(സി)&(ഡി) ശ്രീ. കുട്ടപ്പൻ നായർ നൽകിയ അപേക്ഷയിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ജില്ലാ കളക്ടർ റിപ്പോർട്ട് നൽകുകയും ചെയ്തു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

31 (1624) ശിവഗിരി ഭരണം

ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിവഗിരി ഭരണം ഗവൺമെന്റ് ഏറ്റെടുത്തത് എന്നാണ്;

(ബി) എത്രകാലത്തേയ്ക്കാണ് ഭരണം ഏറ്റെടുത്തത്;

(സി) സന്യാസിമാരിൽനിന്നും തെരഞ്ഞെടുപ്പ് നടത്തി അവർക്ക് ഭരണം തിരിച്ചുകൊടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) അവിടെ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) 1997-ലെ ശിവഗിരി മഠം (അടിയന്തിര വ്യവസ്ഥകൾ) ഓർഡിനൻസ് പ്രകാരം 9-10-97 മുതൽ രണ്ട് വർഷത്തേയ്ക്കാണ് ശിവഗിരി ഭരണം സർക്കാർ ഏറ്റെടുത്തത്. ഏറ്റെടുക്കൽ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി നീട്ടിയിട്ടുണ്ട്.

(സി)&(ഡി) ട്രസ്റ്റ് ബോർഡിലേയ്ക്ക് എത്രയും വേഗം ഇലക്ഷൻ നടത്തി ഭരണം സന്യാസിമാർക്ക് കൈമാറുന്നതിനുവേണ്ടി, പ്രധാനമായും വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ, ഒരു ഉപദേശകസമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി ഇതിനകം തന്നെ വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റ് സർക്കാർ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുതവോട്ടേഴ്സ് ലിസ്റ്റ് അംഗീകാരത്തിനായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ചിരിക്കുകയാണ്. ശിവഗിരിഭരണം ഏറ്റെടുത്തത് സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള നാലു കേസ്സുകൾ അടിയന്തിരമായി തീർപ്പാക്കി കിട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. കേസ്സുകൾ തീർപ്പാക്കുകയും വോട്ടേഴ്സ് ലിസ്റ്റിന് അംഗീകാരം ലഭിക്കുകയും ചെയ്താലുടനെ തെരഞ്ഞെടുപ്പു നടത്തി തെരഞ്ഞെടുക്കപ്പെടുന്ന സന്യാസിമാരുടെ ഭരണസമിതിയ്ക്ക് ശിവഗിരി ഭരണം കൈമാറുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly